THE CALICUT CO-OPERATIVE URBAN BANK LTD.

SINCE 1915

# Resolution Framework 2.0/ Moratorium Policy

**Approved as per Board Resolution No.5/45 Dtd. 31.05.2021**

**Policy on Resolution Framework 2.0**
**Resolution Covid-19 related Stress of individuals and small business**

*Approved as per Board Resolution No. 5/45 Dated 31.05.2021*

കോവിഡ്-19 മഹാമാരിയുടെ രണ്ടാം തരംഗത്തിൻെറ ഫലമായി സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന ചെറുകിട, ഇടത്തരം വ്യക്തിഗത വായ്പകാർക്ക് ആശ്വാസം നൽകുന്നതിനായി റിസർവ്വ് ബാങ്കിൻെറ Circular DOR STR. REC 11/21-04.648/2021-22 Dtd 05.05.2021, RBI Circular DOR STR. REC 12/21-04.648/2021-22 Dtd 05.05.2021, RBI Circular DOR STR. REC 20/21-04.648/2021-22 Dtd 04.06.2021, RBI Circular DOR STR. REC 21/21-04.648/2021-22 Dtd 04.06.2021 എന്നീ സർക്കുലർ പ്രകാരവും ബാങ്ക് ഭരണസമിതിയുടെ 31.05.2021 തിയ്യതിയിലെ 5/45 നമ്പർ തീരുമാന പ്രകാരവും അർഹതയുള്ള വായ്പകൾക്ക് മൊറട്ടോറിയം നൽകുന്നതിനും വായ്പാ പുന: ക്രമീകരണം നടത്തുന്നതിനും താഴെ പറയും പ്രകാരം ബാങ്കിൽ Policy on **Resolution Frame Work 2.0 – resolution Covid -19 related Stress of individuals and small Business** അംഗീകരിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചു.

**A. <u>മൊറട്ടോറിയം കാലയളവ്</u>**

1. Resolution Frame Work 2.0 പ്രകാരം വായ്പകൾക്ക് അനുവദിക്കാവുന്ന മൊറട്ടോറിയം കാലയളവ് പരമാവധി 2 വർഷമായിരിക്കും.
2. ബാങ്ക് ഭരണസമിതിയുടെ 04.06.2020 തിയ്യതിയിലെ 09/05 നമ്പർ തീരുമാനപ്രകാരം രൂപീകരിച്ച Covid -19 Resolution Policy പ്രകാരം 29.02.2020 തിയ്യതി മുതൽ 6 മാസത്തെ മൊറട്ടോറിയം ലഭിച്ച വായ്പകൾ 31.03.2021 തിയ്യതിയിൽ Standard വായ്പയായി നിലനിൽക്കുകയാണെങ്കിൽ അത്തരം വായ്പകൾക്ക് നിലവിലെ കാലാവധി തിയ്യതി മുതൽ പരമാവധി 18 മാസം വരെ വായ്പക്കാരൻെറ വരുമാന ശ്രോതസ്സുകൾ പരിഗണിച്ച് മൊറട്ടോറിയം അനുവദിക്കാവുന്നതാണ്.
3. ബാങ്ക് ഭരണസമിതിയുടെ 04.06.2020 തിയ്യതിയിലെ 09/05 നമ്പർ തീരുമാനപ്രകാരം രൂപീകരിച്ച Resolution Frame Work for for Covid 19 related Stress policy (Resolution Framework 1.0) പ്രകാരം മൊറട്ടോറിയം ലഭിക്കാത്ത വായ്പക്കാർക്ക് കോവിഡ് മൂലം ഉണ്ടായ സാമ്പത്തിക പരാധീനതകൾ വിലയിരുത്തി വായ്പാ പുന: ക്രമീകരണം നടത്തുന്ന തിയ്യതി (വായ്പാ പുന: ക്രമീകരണം പരമാവധി 29.12.2021 തിയ്യതിക്കുള്ളിൽ ആയിരിക്കണം.) മുതൽ പരമാവധി 2 വർഷം വരെ മൊറട്ടോറിയം അനുവദിക്കാവുന്നതാണ്.

CALICUT CO. OP. URBAN BANK No: 1538 KOZHIKODE

**B. മൊറട്ടോറിയത്തിന് അർഹതയുള്ള വായ്പകൾ**

1. 31.03.2021 തിയ്യതിയിൽ വായ്പകൾ Standard ആയിരിക്കണം.
2. 31.03.2021 തിയ്യതിയിൽ Standard ആയ മൊറട്ടോറിയത്തിന് അർഹതയുള്ള വായ്പകളിൽ 01.04.2021 തിയ്യതി മുതൽ Implementation തിയ്യതി വരെ NPA ആയിരുന്നാൽ പോലും അത്തരം വായ്പകൾക്ക് ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും.
3. 31.03.2021 ന് 50 കോടിയോ (Aggregate Loan Amount) അതിൽ കുറവോ തുക ബിസിനസ്സ് ആവശ്യത്തിന് വേണ്ടി എടുത്ത വ്യക്തിഗത വായ്പകൾ
4. 31.03.2021 തിയ്യതിയിലെ കണക്ക് പ്രകാരം മൊത്ത വ്യാപരങ്ങൾക്കോ (Wholesale Trade), ചെറുകിട വ്യാപാരങ്ങൾക്കോ (Retail Trade) അനുവദിച്ച 50 കോടിയോ (Aggregate Loan Amount) അതിൽ കുറവോ ഉള്ള വായ്പകൾ.
5. MSME വായ്പകൾ – വായ്പ തുക (Aggregate Loan Amount) 50 കോടിയോ അതിൽ കുറവോ ഉള്ള വായ്പകൾ.
6. ബിസിനസ്സ് വായ്പക്കാർക്ക് പുന:ക്രമീകരണം നടത്തുന്ന തിയ്യതിയിൽ GST Registration ഉണ്ടായിരിക്കണം.
7. MSME വായ്പകൾക്ക് 31.03.2021 തിയ്യതി വരെ GST Registration ബാധകമല്ല.
8. 31.03.2021 തിയ്യതിയിൽ ഒരു വായ്പക്കാരൻെറ മൊത്തം വായ്പാ തുക 50 കോടിയിൽ അധികരിക്കുവാൻ പാടില്ല.
9. Cash Credit വായ്പകളുടെ കാര്യത്തിൽ Policy Implementation തിയ്യതിക്ക് മുൻപായി Udyam Registration നിർബന്ധമാണ്.
10. നിക്ഷേപ വായ്പ, ബാങ്കിലെ ജീവനക്കാരുടെ വായ്പകൾ സർക്കാർ- അർദ്ധ സർക്കാർ ജീവനക്കാർക്ക് ശംബള സർട്ടിഫിക്കററിൻെറ ഈടിൻമേൽ നൽകുന്ന വായ്പകൾ എന്നിവയ്ക്ക് മൊറട്ടോറിയം ബാധകമല്ല.

**C. Resolution Plan നടപ്പിലാക്കുന്ന വിധം**

1. വായ്പക്കാരിൽ നിന്ന് അപേക്ഷ സ്വീകരിക്കണം.
2. വായ്പക്കാർക്ക് Resolution Frame Work 2.0 പ്രകാരം മൊറട്ടോറിയത്തിന് അർഹതയുണ്ടോ എന്ന് പരിശോധിക്കണം.
3. വായ്പക്കാർക്ക് അർഹതയുണ്ടെങ്കിൽ ആയത് അപേക്ഷ സ്വീകരിച്ച് 30 ദിവസത്തിനുള്ളിൽ ബാങ്കും വായ്പക്കാരനും തമ്മിൽ ഒരു കരാർ ഉണ്ടാകണം.
4. രണ്ട് കക്ഷികളും കരാർ ഒപ്പിടുന്ന തിയ്യതിയെ Invocation date ആയി കണക്കാക്കും.
5. യാതൊരു കാരണവശാലും Invocation date 30.09.2021 കഴിയാൻ പാടില്ല.
6. Resolution Plan 2.0 നടപ്പാക്കുന്ന വായ്പകൾക്ക് Compromise Settlement അനുവദിക്കുന്നതല്ല.

CALICUT CO. OP. URBAN BANK LTD. No: 1338 KOZHIKODE

**D. Features of Resolution Plan 2.0**

1. തിരിച്ചടവ് ബാക്കി നിൽപ്പ് തുകയുടെ പുന: ക്രമീകരണം നടത്താം.
2. Policy Implementation തിയ്യതിവരെയുള്ള പലിശ, അല്ലെങ്കിൽ മൊറട്ടോറിയം തിയ്യതി അവസാനിക്കുന്ന തിയ്യതി വരെയുള്ള പലിശ കണക്കാക്കി ആയത് മററൊരു Term Loan അനുവദിക്കാവുന്നതാണ്.
3. Working Capital Loan അനുവദിക്കാവുന്നതാണ്.
4. വായ്പക്കാരന്റെ വരുമാനസ്ഥിതി കണക്കിലെടുത്ത് പരമാവധി 2 വർഷം വരെ മൊറട്ടോറിയം അനുവദിക്കാവുന്നതാണ്.

**E. Period of Implementation Plan.**

വായ്പക്കാരനും, ബാങ്കും തമ്മിൽ കരാറിൽ ഏർപ്പെടുന്ന തിയ്യതി (Invocation Date) മുതൽ 90 ദിവസത്തിനുള്ളിൽ മൊറട്ടോറിയം അനുവദിച്ച് പുന: ക്രമീകരണം നടത്താവുന്നതാണ്.

**F. Asset Classification and Provisioning.**

1. Resolution Plan 2.0 നടപ്പാക്കിയ വായ്പ അക്കൗണ്ടുകൾ Standard ആയി പരിഗണിക്കാവുന്നതാണ്.
2. Resolution Plan 2.0 നടപ്പാക്കിയ വായ്പകൾക്ക് 10% കരുതൽ (Reserve) വെക്കേണ്ടതാണ്.
3. വായ്പ തുകയുടെ 20% മെങ്കിലും തിരിച്ചടവ് വരികയും, പ്രസ്തുത സമയത്ത് ഒറ്റതവണ പോലും NPA ആവാതിരിക്കുകയും ചെയ്താൽ സൂക്ഷിച്ച കരുതൽ ധനത്തിൽ നിന്ന് 5% തിരികെ എടുക്കാവുന്നതാണ്.
4. മേൽ തിരിച്ചടവിനെ തുടർന്ന് പ്രസ്തുത വായ്പയിലേക്ക് വീണ്ടും 10% മെങ്കിലും തിരിച്ചടവ് വരികയും പ്രസ്തുത സമയത്ത് ഒററ തവണ പോലും NPA ആവാതിരിക്കുകയും ചെയ്താൽ സൂക്ഷിച്ച കരുതൽധനത്തിൽ നിന്ന് ശേഷിക്കുന്ന 5% തിരികെ എടുക്കാവുന്നതാണ്.
5. ദീർഘകാലയളവിലേക്ക് മൊറട്ടോറിയം അനുവദിച്ച വ്യക്തിഗത വായ്പകൾ ഒഴികെയുള്ള വായ്പകൾക്ക് പലിശയിനത്തിലോ മുതലിനത്തിലോ ആദ്യത്തെ തിരിച്ചടവ് വന്ന തിയ്യതി മുതൽ ഒരു വർഷം കഴിയാതെ കരുതൽ ധനം തിരികെ എടുക്കുവാൻ പാടില്ല.

**G. Term Loans / EMI Loans /Cash Credit Loans എന്നിവയുടെ മൊറട്ടോറിയം / പുന:ക്രമീകരണം.**

അർഹതയുള്ള വായ്പകളിൽ നിലവിലെ ബാക്കി നിൽപ്പ് തുകയോട് കൂടി പുന:ക്രമീകരണം ചെയ്യുന്ന തിയ്യതി വരെയുള്ള പലിശയോ, മൊറട്ടോറിയം അവസാനിക്കുന്ന തിയ്യതി വരെയുള്ള പലിശയോ കണക്കാക്കി ആയത് ഒരു പുതിയ Term Loan (FITL) ആയി അനുവദിക്കാവുന്നതാണ്. പ്രസ്തുത വായ്പയുടെ കാലാവധി Parent Loan ന്റെ കാലാവധി തിയ്യതി തന്നെയായിരിക്കും.

CALICUT CO. OP. URBAN BANK LTD. No. 1538 KOZHIKODE

1. ഇപ്രകാരം അനുവദിക്കുന്ന FITL വായ്പകളുടെ പലിശ നിരക്ക് Parent Loan ൻെറ പലിശ നിരക്ക് തന്നെയായിരിക്കും
2. പ്രസ്തുത FITL വായ്പകളുടെ തിരിച്ചടവ് മുതലും പലിശയും ചേർന്ന തുക മാസഗഡുക്കളായോ, ത്രൈമാസ ഗഡുക്കളായോ, വായ്പാകാലാവധിക്കുള്ളിൽ ഒന്നിച്ചോ അടവാക്കാവുന്നതാണ്.
3. Parent Loan ൻെറ ഗഡുക്കൾ കൃത്യമായി അടവാക്കേണ്ടതാണ്.
4. FITL വായ്പകൾ വായ്പ കാലാവധി കഴിഞ്ഞ് 90 ദിവസത്തിന് ശേഷം മാത്രമേ നിഷ്ക്രിയ ആസ്തി (NPA) ആയി മാറുകയുള്ളൂ.

**H. സ്വർണ്ണ പണയ വായ്പകൾ**

വായ്പക്കാരൻെറ വരുമാനത്തിൻെറ സ്ഥിതി കണക്കിലെടുത്ത് മൊറട്ടോറിയം ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. ആനുകൂല്യം നൽകുന്ന തിയ്യതി വരെയുള്ള പലിശ തീർത്തടവാക്കി വായ്പാ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. (RBI യുടെ Gold Loan നിബന്ധനകൾക്ക് വിധേയമായി)

**പൊതു നിബന്ധനകൾ**

1. മൊറട്ടോറിയത്തിൻെറ ആനുകൂല്യത്തിന് അർഹരായി തെരഞ്ഞെടുക്കുന്ന വായ്പക്കാർ കോവിഡ് -19 മഹാമാരി മൂലം പ്രയാസമനുഭവിക്കുന്നവരായിരിക്കണം.
2. മൊറട്ടോറിയം കാലയളവിൽ ബാങ്ക് പിഴ പലിശ ഈടാക്കുന്നതല്ല.
3. മോറട്ടോറിയം ആവശ്യമില്ലാത്ത വായ്പക്കാരും മൊറട്ടോറിയത്തിൻെറ ആനുകൂല്യത്തിന് അർഹത യില്ലാത്ത വായ്പക്കാരും മൊറട്ടോറിയത്തിൻെറ ആനുകൂല്യങ്ങൾ സ്വീകരിച്ച വായ്പക്കാരും നിബന്ധന പ്രകാരം വായ്പ ഗഡുക്കൾ കൃത്യമായി അടവാക്കേണ്ടതാണ്.
4. മൊറട്ടോറിയം ലഭിച്ച വായ്പകളിൻമേൽ പ്രസ്തുത കാലയളവിൽ യാതൊരു വിധ ജപ്തി നടപടികളും ബാങ്ക് സ്വീകരിക്കുന്നതല്ല.

ചെയർമാൻ ഡയരക്ടർ ഡയരക്ടർ ജനറൽ മാനേജർ

CALICUT CO. OP. URBAN BANK LTD.
No: 1538
KOZHIKODE